LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായുള്ള പദ്ധതികൾ

302 (690) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനകാര്യ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായി മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവരുടെ അവകാശങ്ങളെ സംബന്ധിച്ചും മറ്റുമായി പ്രസ്തുത വിഭാഗങ്ങളിലെ യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഒരു പദ്ധതി കേരള സംസ്ഥാന യുവജന കമ്മിഷൻആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ നടത്തിപ്പിനായി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ/ആദിവാസി/പിന്നോക്ക മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഭാരതദർശൻ എന്ന പരിപാടി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.

പോസിറ്റീവ് കേരള മിഷൻ പദ്ധതി

303 (691) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് പോസിറ്റീവ് കേരള മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മന:ശക്തിയുടെയും, വ്യക്തിത്വ വികസനത്തിന്റെയും അനന്തമായ സാധ്യതകൾ തുറന്ന് നൽകി ജീവിതോന്നതി ആഗ്രഹിക്കുന്നുവർക്കായി സമഗ്രമായ ഒരു വിജയ പദ്ധതിയാണ് പോസിറ്റീവ് കേരളാ മിഷൻ. ജീവിത വിജയത്തെക്കുറിച്ച് തികച്ചും പോസിറ്റീവായ ദർശനം പകർന്ന് നൽകുക, വ്യക്തി ജീവിതം, കുടുംബ ജീവിതം, തൊഴിൽ ജീവിതം, സാമൂഹ്യ ജീവിതം, സാമ്പത്തിക ജീവിതം എന്നീ സുപ്രധാനമായ മേഖലകൾക്ക് ശക്തി പകരുക, ഓരോരുത്തരുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം, ഭദ്രമായ കുടുംബ ബന്ധം, കരിയറിന്റെ വിവിധ ഘട്ടങ്ങൾ, സുതാര്യവും, അന്യോന്യാശ്രിതവുമായ സാമൂഹിക ബന്ധം, വളരുന്ന സമ്പത്ത് മുതലായവയിൽ മാനസിക ശാക്തീകരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) പോസിറ്റീവ് കേരളാ മിഷൻ പ്രോഗ്രാം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 10 ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് ലൈൻ ഫൗണ്ടേഷൻ എന്ന സംഘടനയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. അന്താരാഷ്ട്ര പ്രശസ്തനും, മന:ശക്തി പരിശീലകനും, ഗ്രന്ഥകാരനുമായ ഡോ. പി.പി. വിജയനാണ് നേതൃത്വം നൽകിയത്. വ്യക്തിവികസനം, മോട്ടിവേഷൻ, ശുഭചിന്തകൾ, പോസിറ്റീവ് മനോഭാവം എന്നീ വിഷയങ്ങളിൽ ആർട്ട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്.

ഭാരതദർശൻ യാത്ര

304 (692) ശ്രീ. പി. സി വിഷ്ണുനാഥ്:

ശ്രീ. വി. റ്റി. ബൽറാം:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ.കെ.എസ്. ശബരീനാഥൻ : താഴെ കാണുന്നചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?